# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4962 — 22/05/2017 ന് മറുപടിയ്ക്ക്

### വി.എച്ച്.എസ്.സി ഫിസിക്സ് ജൂനിയർ-സീനിയർ തസ്തികകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.ജോർജ് എം.തോമസ് | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിൽ ഫിസിക്സ് ജൂനിയർ തസ്തികയിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ടെന്ന് വിശദമാക്കുമോ;<br><br>(ബി) ഈ ഒഴിവുകൾ എന്തുകൊണ്ട് റിപ്പോർട്ട് ചെയ്യുന്നില്ലെന്ന് വ്യക്തമാക്കുമോ;- | (എ) & (ബി) | സംസ്ഥാനത്ത് വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിൽ നിലവിലുണ്ടായിരുന്ന നോൺ വൊക്കേഷണൽ ടീച്ചർ ഫിസിക്സ്(ജൂനിയർ) തസ്തികയിലെ എല്ലാ ഒഴിവുകളും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) എൻ.വി.റ്റി-ഫിസിക്സ് സീനിയർ തസ്തികയിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ;<br><br>(ഡി) ഈ ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) & (ഡി) | നോൺ വൊക്കേഷണൽ ടീച്ചർ ഫിസിക്സ്(സീനിയർ) തസ്തികയിൽ നിലവിൽ 8 ഒഴിവുകളുണ്ട്. പ്രസ്തുത ഒഴിവുകൾ നോൺ വൊക്കേഷണൽ ടീച്ചർ ഫിസിക്സ്(ജൂനിയർ) തസ്തികയിലെ അധ്യാപകർക്ക് പ്രമോഷൻ നൽകുന്നതിനുള്ള ഒഴിവുകളായതിനാൽ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ